
<u>വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ</u>

P2
16/29/16




FROM,

K. PUSHKARAN
THAYIL PUTHEN PURAYIL
[illegible]
ALA. P.O, CHENGANNUR
ALAPPUZHA 689 126.

TO,

The public information officer
DISTRICT SOCIAL JUSTICE OFFICE
PATHANAMTHITTA - 689 645

15/10/16

വിഷയം : <u>വിവരാവകാശ നിയമ പ്രകാരം താഴെ പറയുന്ന വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.</u>

സർ,

2005 വിവരാവകാശ നിയമ പ്രകാരം താഴെ പറയുന്ന വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു .

1) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കുടി ടൈപിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട ആകെ എത്ര അനുവദനീയ തസ്തികകൾ നിലവിലുണ്ട് ?

a) ഇതിൽ എൽ ഡി ടൈപിസ്റ്റ് അനുവദനീയ തസ്തികകൾ എത്ര ?

b) ഇതിൽ യു ഡി ടൈപിസ്റ്റ് അനുവദനീയ തസ്തികകൾ എത്ര ?

c)ടൈപിസ്റ്റ് ജോലിയുമായി ബന്ധപ്പെട്ട മറ്റു തസ്തികകൾ ഏതൊക്കെ ?തസ്തികകളുടെ പേരും അതിൽ ഉൾപ്പെടുന്ന അനുവദനീയ ജീവനക്കാരുടെ എണ്ണവും നൽകുക

2) പ്രസ്തുത ഓഫീസുകൾക്ക് കീഴിൽ ആകെ എത്ര പേർ ടൈപിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ഇപ്പോൾ ജോലി ചെയ്തു വരുന്നു?

a) ഇതിൽ എൽ ഡി ടൈപിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ഇപ്പോൾ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്ര ?

b) ഇതിൽ യു ഡി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ഇപ്പോൾ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്ര ?

c) ടൈപ്പിസ്റ്റ് ജോലിയുമായി ബന്ധപ്പെട്ട മറ്റു തസ്തികയിൽ ഇപ്പോൾ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്ര ?തസ്തികകളുടെ പേരും അതിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണവും നൽകുക

3) പ്രസ്തുത ഓഫീസുകൾക്ക് കീഴിൽ ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ആകെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്? ഇതിൽ ഫ്രഷ് ഒഴിവുകൾ എത്ര ? NJD ഒഴിവുകൾ എത്ര ? തസ്തികകളുടെ പേരും ഒഴിവുകളുടെ എണ്ണവും തരം തിരിച്ചു നൽകുക

4) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കൂടി താല്ക്കാലികമായി എത്ര പേർ ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ജോലി ചെയ്തു വരുന്നു? തസ്തികകളുടെ പേരും ഒഴിവുകളുടെ എണ്ണവും തരം തിരിച്ചു നൽകുക

5) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കൂടി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ടു ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാരന്റെ പേര് ?താത്കാലിക ജീവനക്കാരെ ജോലിയിൽ നിയമിച്ച ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ?താത്കാലിക ജീവനക്കാരെ ജോലിയിൽ നിയമിക്കാൻ സ്വീകരിച്ച രീതി ?താത്കാലിക ജീവനക്കാർ ജോലി ചെയ്തു വരുന്ന കാലയളവ് ? എന്നിവ വ്യക്തമാക്കുക

6) ടൈപ്പിസ്റ്റ് തസ്തികയുടെ ഒഴിവുകളിൽ അങ്ങയുടെ വകുപ്പിൽ നിന്നും നിയമന ഉത്തരവ് അയച്ചതിന് ശേഷം നിയമന ഉത്തരവ് ലഭിച്ച വ്യക്തി/ വ്യക്തികൾ ജോലിക്ക് ജോയിൻ ചെയ്തില്ലയെങ്കിൽ ആ ഒഴിവ്/ഒഴിവുകൾ NJD(Not joined duty) ആയി പരിഗണിക്കുന്നതിന് വേണ്ട കാലാവധി എത്ര ?

7) 01/01/2015 മുതൽ 13/10/2016 വരെ പത്തനംതിട്ട ജില്ല പബ്ലിക് സർവീസ് കമ്മിഷൻ മുൻപാകെ ടൈപ്പിസ്റ്റ് തസ്തികകളുടെ എത്ര ഒഴിവുകൾ അങ്ങയുടെ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ? തസ്തികകളുടെ പേര് ? ഒഴിവുകളുടെ എണ്ണം? റിപ്പോർട്ട് ചെയ്ത തീയതി ? റഫറൻസ് നമ്പർ എന്നിങ്ങനെ, തരം തിരിച്ചു നൽകുക.

a) മുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ടൈപ്പിസ്റ്റ് തസ്തികകളുടെ ഒഴിവുകളിൽ അങ്ങയുടെ വകുപ്പിൽ നിന്നും നിയമന ഉത്തരവ് അയച്ചതിന് ശേഷം ജോലിക്ക് ജോയിൻ ചെയ്യാത്ത (NJD(Not joined duty) ഒഴിവുകൾ ) വ്യക്തികളുടെ പേരും വിലാസവും നല്കുക.

8) താല്ക്കാലികമായി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ വക്കാൻ നിർദേശങ്ങൾ ഉണ്ടെങ്കിൽ അത് ആര് പുറപ്പെടുവിച്ചു എന്നറിയിക്കാമോ? അതിൻറെ Govt.Order നമ്പർ തരിക.

9) 31/08/2016 മുതൽ 30/08/2019 വരെ പ്രസ്തുത ഓഫീസുകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പേരും അവർ നിലവിൽ ജോലി ചെയ്യുന്ന തസ്തികയും വിരമിക്കുന്ന തീയതിയും അറിയിക്കുക.

10) 31/08/2016 മുതൽ 30/08/2019 വരെ പ്രസ്തുത ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ വന്നേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ അവ ഉണ്ടാകുന്ന തീയതിക്കൊപ്പം വർഷാടിസ്ഥാനത്തിൽ തരം തിരിച്ചു നല്കുക.

11) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ നിർദേശ പ്രകാരം വിരമിക്കൽ ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നു നിഷ്കർഷിച്ചിരിക്കെ,അങ്ങയുടെ ഓഫീസിൽ നിന്നും അപ്രകാരം ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാറുണ്ടോ ? ഉണ്ടെങ്കിൽ ഏതൊക്കെ ഒഴിവുകളാണ് അപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ?റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

12) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കുടി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേരും ജോലി ചെയ്തു വരുന്ന തസ്തികയും ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതിയും വിരമിക്കുന്ന തീയതിയും നൽകുക

13) ഒഴിവുകൾ വരുമ്പോൾ റിപ്പോർട്ട് ചെയ്യുന്നഓഫീസിന്റെ മേൽവിലാസംതരിക?

14) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന ഓഫീസുകളുടെ പേരും മേൽവിലാസവും നൽകുക

15)വിവരാവകാശമറുപടിതൃപ്തികരമല്ലെങ്കിൽഅപ്പീൽസമർപ്പിക്കേണ്ടഅധികാരിയുടെ പേരുംമേൽവിലാസവുംനൽകുക.

മുകളിൽ ചോദിച്ചിട്ടുള്ള വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.ഫീസ് 15/- രൂപാ കോർട്ട് ഫീ സ്റ്റാമ്പ് ആയി ഒടുക്കിയിരിക്കുന്നു.വിവരങ്ങൾ നല്കുന്നതിന് അധികം തുക വേണമെങ്കിൽ ആ വിവരം എത്രയും വേഗം അറിയിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന് വിശ്വസ്തതയോടെ

Pushkaran

സ്ഥലം Chengannur

തീയതി 13/10/2016